"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ല — മൊകേരി ഗ്രാമപഞ്ചായത്ത് - 2011-12 & 2012-13 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.3 - തടസ്സപ്പെടുത്തിയ തുക - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ ( എ ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.2310/2025/LSGD തീയതി,തിരുവനന്തപുരം, 23-09-2025

---

പരാമർശം:- 1. സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ 13.04.2022 ലെ പി എ എൻ/1665/2022- എം3 ( ഡി പി ) നമ്പർ കത്ത്.

2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 23.09. 2023 ലെ ഡി.കെ.എസ്.എ 2338/പി.റ്റി2/2023 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ മൊകേരി ഗ്രാമപഞ്ചായത്തിന്റെ **2011-12 & 2012-13** വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക **3.3** പ്രകാരം, ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി സമഗ്ര വിദ്യാഭ്യാസം പദ്ധതിയുടെ ഡോക്യുമെന്റേഷൻ നടത്തുന്നതിന് **LCD** പ്രൊജക്ടർ, ഡിജിറ്റൽ ക്യാമറ എന്നിവ വാങ്ങിയതിനു ചെലവായ തുകയിൽ **14,687/-** രൂപ നിരാകരിക്കുകയും **13,913/-** രൂപ തടസ്സപ്പെടുത്തുകയും ചെയ്തിരുന്നു.

**2.** ഇതു സംബന്ധിച്ച് പരാമർശം **(1)** പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിൽ മൊകേരി ഗ്രാമപഞ്ചായത്തിൽ നടത്തിയ സമഗ്രവിദ്യാഭ്യാസ പദ്ധതികളുടെ ഡോക്യുമെന്റേഷൻ നടത്തുക എന്ന ലക്ഷ്യത്തോടെയാണ് പരാമർശ ഉപകരണങ്ങൾ വാങ്ങിയതെന്നും ഇതുപയോഗിച്ച് നടത്തിയ ഡോക്യുമെന്റേഷൻ ഫലപ്രദമായിട്ടുള്ളതായി പഞ്ചായത്ത് ഭരണ സമിതിക്ക് ബോധ്യപ്പെട്ടിട്ടുള്ളതും എന്നാൽ ഭാവിയിൽ ഓഡിറ്റിൽ പരാമർശിച്ച തരത്തിലുള്ള വീഴ്ചകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നു പഞ്ചായത്ത് ഭരണസമിതി വിലയിരുത്തുകയും പ്രസ്തുത അധിക ചെലവിന് കണ്ണൂർ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി സർക്കാർ സാധൂകരണം ലഭ്യമാക്കാൻ ശുപാർശ ചെയ്തിട്ടുണ്ടെന്നും ആയതിനാൽ ഓഡിറ്റ് തടസ്സത്തിന് സാധൂകരണം നൽകണമെന്ന് പരാമർശം **(1)** പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ )ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

**4.** ഇതു സംബന്ധിച്ച് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ പ്രസ്തുത ഉപകരണങ്ങൾ വരുംതലമുറയ്ക്കു കൂടി ഉപകാരപ്രദമായിട്ടുള്ളതാണെന്ന മൊകേരി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ വിലയിരുത്തൽ, കണ്ണൂർ ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ സമിതിയുടെ അനുകൂല ശിപാർശ എന്നിവ പരിഗണിച്ച് മൊകേരി ഗ്രാമപഞ്ചായത്തിന്റെ **2011-12 & 2012-13** വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക **3.3**-ലെ പരാമർശത്തിന് സാധൂകരണം നൽകുന്നതിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം **(2)**

പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹെഡ്മാസ്റ്റർ ഇംപ്ലിമെന്റിങ്ങ് ഓഫീസറായി മൊകേരി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ 19/12 നമ്പർ പദ്ധതിയിൽ, ലിമിറ്റഡ് ടെണ്ടർ അടിസ്ഥാനത്തിൽ കണ്ണൂർ എക്സ്‌ക്ലൂസീവ് ഷോറൂമിൽ നിന്നും എൽ.സി.ഡി പ്രൊജക്ടർ 49,000/- രൂപയ്ക്കും ഡിജിറ്റൽ ക്യാമറ 9,600/- രൂപയ്ക്കും വാങ്ങിയിരുന്നു. എന്നാൽ 06.05.2008 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ NER/3/80281/07/DP1 നമ്പർ ഉത്തരവ് പ്രകാരമുള്ള സ്പെസിഫിക്കേഷൻ അനുസരിച്ച് എൽ.സി.ഡി പ്രൊജക്ടറിന് പരമാവധി നൽകാവുന്ന തുക 30,000/- മാത്രമാണ്. 2011-12 വർഷത്തിൽ റേറ്റ് കോൺടാക്ട് നിലവിലിരിക്കെ അതിലും കൂടിയ വിലക്ക് പൊതുമാർക്കറ്റിൽ നിന്നും ലിമിറ്റഡ് ടെണ്ടർ നടപടിയിലൂടെ ഉപകരണങ്ങൾ വാങ്ങുകയാണുണ്ടായത്. റേറ്റ് കോൺട്രാക്ട് പ്രകാരം വില 30500/ + 12.5% VAT = 14,627 രൂപ. അതിനാൽ ഈ ഇനത്തിൽ അധിക ചെലവ് വന്നിട്ടുള്ള 14,627/ രൂപ നിരാകരിക്കുകയും കൂടാതെ സ്കൂളുകൾക്ക് ഡിജിറ്റൽ ക്യാമറ വാങ്ങുന്നതിന് അനുമതി നല്കികൊണ്ടുള്ള സർക്കാർ ഉത്തരവുകളൊന്നും നിലവിലില്ലാതിരിക്കെ 9,600/- രൂപ ചെലവഴിച്ച് ഡിജിറ്റൽ കാമറ വാങ്ങിയത് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. എന്നിരുന്നാലും തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും വരും വർഷങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പാക്കരുത് എന്നുള്ള നിർദ്ദേശത്തോട് കൂടി കണ്ണൂർ ജില്ലയിലെ മൊകേരി ഗ്രാമപഞ്ചായത്തിന്റെ 2011-12 & 2012-13 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-3 പ്രകാരം തടസ്സപ്പെടുത്തിയ 28,600/- രൂപയുടെ (ഇരുപത്തി എണ്ണായിരത്തി അറുനൂറ് രൂപ മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ( റൂറൽ ) തിരുവനന്തപുരം
സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, മൊകേരി ഗ്രാമപഞ്ചായത്ത്, കണ്ണൂർ
അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/28/2023-LSGD )

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
സെക്ഷൻ ഓഫീസർ
Date: 23-09-2025 14:41:10